**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3788** **15-07-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ മുസ്ലിംലീഗ് മണ്ഡലം കമ്മിറ്റി ഓഫീസ് തകർത്ത കേസിന്റെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻസർക്കാരിന്റെ കാലത്ത് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുസ്ലിം ലീഗ് മണ്ഡലം കമ്മിറ്റി ഓഫീസ് ഒരു രാഷ്ട്രീയ പാർട്ടിയിലും വിദ്യാർത്ഥി സംഘടനയിലും ഉൾപ്പെട്ടവർ ചേർന്ന് തല്ലിത്തകർത്ത് നാശനഷ്ടങ്ങൾ ഉണ്ടാക്കിയതുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും അറിയിക്കാമോ; അതിലെത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര പേരെ അറസ്റ്റ് ചെയ്യാനുണ്ടെന്നും അറിയിക്കാമോ; | (എ) | പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ ക്രൈം നം. 90/2018 U/S 143, 147, 148, 452, 427, 380 r/w 149 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ ഉൾപ്പെട്ട ഒന്ന് മുതൽ 50 വരെയുള്ള പ്രതികളിൽ തിരിച്ചറിഞ്ഞ 17 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.<br><br>അറസ്റ്റ് ചെയ്ത 17 പ്രതികൾക്കെതിരെ ബഹു. പെരിന്തൽമണ്ണ JFCM-I കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും CC 873/2018 നമ്പരായി വിചാരണയിലുമാണ്. ശേഷിക്കുന്ന പ്രതികളെ കണ്ടെത്തുന്നതിനുള്ള അന്വേഷണം നടന്നുവരുന്നതും കണ്ടെത്തുന്ന മുറയ്ക്ക് നിയമ നടപടി സ്വീകരിക്കുന്നതുമാണ്. |
| (ബി) | പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; നാളിതുവരെ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; മുഴുവൻ പ്രതികളെയും അടിയന്തരമായി അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ ക്രൈം നം. 90/2018 U/S 143, 147, 148, 452, 427, 380 r/w 149 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ ഉൾപ്പെട്ട ഒന്ന് മുതൽ 50 വരെയുള്ള പ്രതികളിൽ തിരിച്ചറിഞ്ഞ 17 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.<br><br>അറസ്റ്റ് ചെയ്ത 17 പ്രതികൾക്കെതിരെ ബഹു. പെരിന്തൽമണ്ണ JFCM-I കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും CC 873/2018 നമ്പരായി വിചാരണയിലുമാണ്. ശേഷിക്കുന്ന പ്രതികളെ കണ്ടെത്തുന്നതിനുള്ള അന്വേഷണം നടന്നുവരുന്നതും കണ്ടെത്തുന്ന മുറയ്ക്ക് നിയമ നടപടി സ്വീകരിക്കുന്നതുമാണ്. |
| (സി) | കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകളാണ് ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് ആവർത്തിക്കാനുള്ള കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ